# കേരള സർക്കാർ

## സംഗ്രഹം

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്—സർക്കാർ പരസ്യങ്ങൾ—നയവും നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും—പ്രിന്റ് മീഡിയ ലിസ്റ്റും പരസ്യനിരക്കും പരിഷ്കരിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു**

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 2/2020/ഐ.& പി.ആർ.ഡി.**

***തിരുവനന്തപുരം, 2020 ഡിസംബർ 10.***

പരാമർശം:—1. 7-7-1999-ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 8/99/ പി.ആർ.ഡി.

2. 8-12-2015-ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 17/2015/ പി.ആർ.ഡി.

3. 23-9-2017-ലെ സ. ഉ. (സാധാ.) നമ്പർ 287/2017/ ഐ.& പി.ആർ.ഡി.

4. 7-1-2019-ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 1/2019/ ഐ.&പി.ആർ. ഡി.

5. 12-5-2015-ലെ G.O. (Ms.) No. 13/2015/ITD.

## ഉത്തരവ്

1. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ പരസ്യങ്ങൾ അച്ചടി മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നയവും നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കാലികമായി പരസ്യനിരക്കുകളും മീഡിയ ലിസ്റ്റും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

2. നിലവിലുള്ള നടപടിക്രമങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും പരസ്യനിരക്കുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനുമായി പരാമർശം (3) പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച ശിപാർശകൾ പരാമർശം (4) പ്രകാരം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. വിവിധ കാലഘട്ടങ്ങളിൽ സർക്കാർ പരസ്യം നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും ഏകീകരിച്ചുകൊണ്ടും, പരസ്യനിരക്കുകളും, മീഡിയ ലിസ്റ്റും പരിഷ്കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഏകീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കും, നടപടിക്രമങ്ങൾക്കും, മീഡിയ ലിസ്റ്റിനും, പരസ്യനിരക്കുകൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യമുണ്ടായിരിക്കും.

4. മീഡിയ ലിസ്റ്റിലെ ദിനപ്പത്രങ്ങളെ പ്രചാരത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന 7 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്:

| *സർക്കുലേഷൻ* | *കാറ്റഗറി* |
|---|---|
| 3,000 - 10,000 | എ |
| 10,001 - 50,000 | ബി |
| 50,001 - 2,00,000 | സി |
| 1,00,000 - 2,00,000<br>(ഇംഗ്ലീഷ് ദിനപ്പത്രങ്ങൾ മാത്രം) | ഡി |
| 2,00,001 - 5,00,000 | ഇ |
| 5,00,001 - 10,00,000 | എഫ് |
| 10 ലക്ഷത്തിന് മുകളിൽ | ജി |

5. ഒരു ലക്ഷത്തിനും രണ്ട് ലക്ഷത്തിനും ഇടയിൽ പ്രചാരമുള്ള ഇംഗ്ലീഷ് ദിനപ്പത്രങ്ങളെ 'ഡി' എന്ന പുതിയ കാറ്റഗറിയിൽ ഉൾപ്പെടുത്തി അവയ്ക്ക് രണ്ട് ലക്ഷം സർക്കുലേഷൻ ഉള്ള മലയാളം ദിനപ്പത്രങ്ങൾക്ക് നൽകുന്ന പരസ്യനിരക്ക് അനുവദിച്ച് നൽകുന്നു.

6. അഞ്ച് ലക്ഷത്തിനും പത്ത് ലക്ഷത്തിനും ഇടയിൽ പ്രചാരമുള്ള ദിനപ്പത്രങ്ങളെ ആഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻ (ABC) അംഗത്വത്തിന് വിധേയമായി 'എഫ്' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി സ്ക്വയർ സെൻറീമീറ്റർ അടിസ്ഥാന പരസ്യനിരക്ക് 224 രൂപയായി നിജപ്പെടുത്തുന്നു.

7. പത്ത് ലക്ഷത്തിന് മുകളിൽ സർക്കുലേഷൻ ഉള്ള ദിനപ്പത്രങ്ങളെ ആഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻ (ABC) അംഗത്വത്തിന് വിധേയമായി 'ജി' എന്ന പുതിയ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നു.

8. എബിസി അംഗത്വമില്ലാത്ത ദിനപ്പത്രങ്ങളുടെ ഏറ്റവും ഉയർന്ന പരസ്യനിരക്ക് 'എഫ്' കാറ്റഗറിയുടെ മിനിമം നിരക്കിന് തൊട്ടുതാഴെയായി നിജപ്പെടുത്തേണ്ടതാണ്.

9. എല്ലാ കാറ്റഗറിയിലുമുള്ള ദിനപ്പത്രങ്ങൾക്കും പരസ്യനിരക്ക് സ്ക്വയർ സെന്റീമീറ്ററിലോ, കോളം സെന്റീമീറ്ററിലോ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കും.

10. കോസ്റ്റ് പെർ തൗസൻറ് റീഡേഴ്സ് (CPT) അടിസ്ഥാനപ്പെടുത്തി സ്ക്വയർ സെൻറീമീറ്റർ നിരക്ക് ആയിരം കോപ്പിക്ക് 50 പൈസയായി നിജപ്പെടുത്തുന്നു.

11. കോളം സെന്റീമീറ്റർ അടിസ്ഥാനത്തിൽ പരസ്യനിരക്ക് കണക്കാക്കുന്ന എല്ലാ കാറ്റഗറിയിലുള്ള ദിനപ്പത്രങ്ങൾക്കും നിലവിലെ പരസ്യനിരക്കിൽ നിന്നും 20% വർദ്ധനവ് അനുവദിച്ചു നൽകുന്നു.

12. മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ദിനപ്പത്രങ്ങളിൽ നിന്നും പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ഈടാക്കുന്നതാണ്.

13. ഇംഗ്ലീഷ് ദിനപ്പത്രങ്ങളുടെ ആൾ കേരള പരസ്യനിരക്ക് നിർണ്ണയിക്കുമ്പോൾ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 50% ഇംപാക്ട് പ്രീമിയം ഇനി മുതൽ നൽകുന്നതല്ല.

14. ദിനപ്പത്രങ്ങളുടെ മുൻ പേജ് പരസ്യങ്ങൾക്ക് 30 ശതമാനവും, കളർ പരസ്യങ്ങൾക്ക് 50 ശതമാനവും, മുൻ പേജിലെ കളർ പരസ്യങ്ങൾക്ക് മുൻ പേജിന് അനുവദിച്ചിട്ടുള്ള പരസ്യനിരക്കിൽ നിന്നും 50 ശതമാനവും, ജാക്കറ്റ് പരസ്യങ്ങൾക്ക് ഫ്രണ്ട് പേജ് കളർ പരസ്യങ്ങൾക്ക് നൽകുന്ന പരസ്യനിരക്കിൽ നിന്നും 50 ശതമാനവും പ്രീമിയം അനുവദിച്ചു നൽകുന്നു.

15. പി.ആർ.ഡി. നൽകുന്ന റിലീസ് ഓർഡറുകൾ പ്രകാരം ഏതെങ്കിലും എഡിഷൻ ഒഴിവാക്കി പരസ്യം നൽകുകയോ, റിലീസ് ഓർഡറിൽ പരാമർശിക്കുന്ന ഏതെങ്കിലും എഡിഷനിൽ പത്രങ്ങൾ പരസ്യം പ്രസിദ്ധീകരിക്കാതെ ബാക്കി എഡിഷനുകളിൽ പരസ്യം പ്രസിദ്ധീകരിക്കുകയോ ചെയ്യുകയാണെങ്കിൽ; പരസ്യത്തുക കണക്കാക്കുമ്പോൾ ആൾ കേരള എഡിഷനിൽ നിന്നും പരസ്യം പ്രസിദ്ധീകരിക്കാത്ത എഡിഷന്റെ പരസ്യനിരക്ക് കുറവ് ചെയ്തുമാത്രമേ പരസ്യത്തുക അനുവദിക്കുകയുള്ളൂ. എന്നാൽ ഇത്തരത്തിൽ കുറവ് ചെയ്യുന്ന തുക ബന്ധപ്പെട്ട എഡിഷനുകളുടെ തുകയുമായി താരതമ്യം ചെയ്യുമ്പോൾ തുലോം തുച്ഛമാകുന്നപക്ഷം ആൾ കേരള എഡിഷനായി നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ 50% പരസ്യനിരക്ക് അനുവദിക്കുന്നതാണ്.

16. അച്ചടി മാധ്യമങ്ങൾക്ക് 5% ചരക്ക് സേവനനികുതി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

**ദിനപ്പത്രങ്ങൾ/ആനുകാലികങ്ങൾ എന്നിവയെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

17. പ്രസ് ആന്റ് രജിസ്ട്രേഷൻ ഓഫ് ബുക്ക് ആക്ട് 1867 Part II-ലെ 3, 4, 5 വ്യവസ്ഥകൾക്ക് വിധേയമായി പ്രസിദ്ധീകരിക്കുന്നതാവണം.

18. രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സ് ഫോർ ഇന്ത്യ (RNI)-യിൽ രജിസ്റ്റർ ചെയ്തിരിക്കണം. പുതിയ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ ആർ.എൻ.ഐ. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെങ്കിൽ നിയമാനുസൃതമായി ഡിക്ലറേഷൻ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്/സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് മുമ്പാകെ സമർപ്പിച്ചിരിക്കണം.

19. പ്രസിദ്ധീകരണം ആരംഭിച്ച ശേഷം തുടർച്ചയായി ഒരു വർഷം പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ എൻലിസ്റ്റ് ചെയ്യുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

20. തൊഴിൽ തർക്കംമൂലമല്ലാതെ ഒരു മാസത്തിൽ കൂടുതൽ പ്രസിദ്ധീകരണം നിലച്ചുപോയ പത്രങ്ങൾ പുനഃപ്രസിദ്ധീകരിച്ച തീയതി മുതൽ 6 മാസം മുടക്കം കൂടാതെ പ്രസിദ്ധീകരിച്ചിരിക്കണം.

21. എഡിഷൻ തിരിച്ച ഏറ്റവും കുറഞ്ഞ പ്രചാരം 3000 പ്രതി ആയിരിക്കണം.

22. ഒരു വർഷം തുടർച്ചയായി പ്രസിദ്ധീകരിച്ചുവെന്നും എല്ലാ മാസവും കുറഞ്ഞത് (20 ദിവസമെങ്കിലും) പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുമുള്ള ഐ.&പി.ആർ. (റിസർച്ച് & റഫറൻസ്) വിഭാഗത്തിന്റെ നൈരന്തര്യം സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ദിനപ്പത്രങ്ങളെ എൻലിസ്റ്റ് ചെയ്യുന്നതിന് പരിഗണിക്കുകയുള്ളൂ.

23. ഐ.&പി.ആർ. വകുപ്പ് പ്രസിദ്ധീകരിക്കുന്ന മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങൾക്ക് മാത്രമേ സർക്കാർ പരസ്യങ്ങൾ ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങൾ സർക്കാർ പ്രസിദ്ധീകരണത്തിന് നൽകുന്ന എല്ലാ പരസ്യങ്ങളും, പത്രക്കുറിപ്പുകളും നിർബന്ധമായും പ്രസിദ്ധീകരിക്കേണ്ടതാണ്.

24. പി.ആർ.ഡി. മീഡിയ ലിസ്റ്റിൽ ഉൾപ്പെടാത്ത ദിനപ്പത്രങ്ങൾക്ക് ഏതെങ്കിലും സവിശേഷ സാഹചര്യത്തിൽ പരസ്യം നൽകുന്നപക്ഷം ആയത് പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.

25. ABC അംഗത്വം ഉള്ള ദിനപ്പത്രങ്ങൾക്ക് ABC സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രവും, ABC അംഗത്വമില്ലാത്ത ദിനപ്പത്രങ്ങൾക്ക് DAVP (Directorate of Advertising and Visual Publicity) റേറ്റ് കോൺട്രാക്റ്റ്, RNI (Registrar of Newspapers for India) നൽകുന്ന സർക്കുലേഷൻ സർട്ടിഫിക്കറ്റ്, പ്രാക്ടീസ് ചെയ്യുന്ന കോസ്റ്റ് ആൻറ് മാനേജ്മെൻറ് അക്കൗണ്ടന്റിന്റെ (CMA) സർക്കുലേഷൻ സംബന്ധിച്ച സാക്ഷ്യപത്രം ഇവയിൽ ഒന്നിന്റെ അടിസ്ഥാനത്തിൽ പ്രചാരം കണക്കാക്കുന്നതും പരസ്യനിരക്ക് നിശ്ചയിക്കുന്നതുമാണ്.

26. ദിനപ്പത്രങ്ങൾ സമർപ്പിച്ച പ്രചാരം സംബന്ധിച്ച് സംശയമോ, ആക്ഷേപമോ ഉള്ളപക്ഷം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും, ടി റിപ്പോർട്ടിന്റെയും, DAVP (Directorate of Advertising and Visual Publicity) ദത്തങ്ങളുടേയും (data) അടിസ്ഥാനത്തിൽ വ്യക്തത വരുത്തി പ്രചാരം കണക്കാക്കേണ്ടതുമാണ്.

27. മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ABC സാക്ഷ്യപത്രം, DAVP (Directorate of Advertising and Visual Publicity) റേറ്റ് കോൺട്രാക്റ്റ്, RNI (Registrar of Newspapers for India)

നൽകുന്ന സർക്കുലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാത്തപക്ഷം പ്രചാരം സംബന്ധിച്ച് വകുപ്പുതല പരിശോധന നടത്തേണ്ടതും ലഭ്യമായ DAVP (Directorate of Advertising and Visual Publicity) ദത്തങ്ങൾ പരിഗണിക്കേണ്ടതുമാണ്.

28. ABC അംഗത്വമില്ലാത്ത ഇംഗ്ലീഷ് ഒഴികെയുള്ള അന്യഭാഷാ ദിനപ്പത്രങ്ങൾ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ DAVP (Directorate of Advertising and Visual Publicity) റേറ്റ് കോൺട്രാക്റ്റ്, RNI (Registrar of Newspapers for India) നൽകുന്ന സർക്കുലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാത്തപക്ഷം ടി പത്രങ്ങളുടെ സർക്കുലേഷൻ സംബന്ധിച്ച് ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ പി.ആർ.ഡി. വകുപ്പിന്റെ റിപ്പോർട്ട് തേടേണ്ടതും, പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ആവശ്യമെങ്കിൽ ലഭ്യമായ DAVP (Directorate of Advertising and Visual Publicity) ദത്തങ്ങൾ പരിഗണിച്ചുകൊണ്ടും സർക്കുലേഷൻ കണക്കാക്കി മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

29. മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ദിനപ്പത്രങ്ങൾ ഇ-പേപ്പർ പ്രസിദ്ധീകരിക്കേണ്ടതും, പി.ആർ.ഡി. മുഖേന നൽകുന്ന പരസ്യങ്ങളും, സർക്കാർ പത്രക്കുറിപ്പുകളും സൗജന്യമായി ഇ-പേപ്പറിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

30. മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങൾ അവയുടെ എഡിഷൻ നിർത്തലാക്കുന്നതോ, ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതോ, പേജുകൾ കുറവ് ചെയ്യുന്നതോ ഉൾപ്പെടെയുള്ള വിവരങ്ങൾ അതത് സമയത്ത് തന്നെ വകുപ്പിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

31. മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പത്രങ്ങളുടെ ഓരോ ദിവസത്തേയും രണ്ട് കോപ്പികൾ വീതം പബ്ലിക് റിലേഷൻസ് ഡയറക്ടർ, പരസ്യവിഭാഗം ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ ഓഫീസർ, ബന്ധപ്പെട്ട

ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഐ.&പി.ആർ. റിസർച്ച് & റഫറൻസ് വിഭാഗം എന്നിവിടങ്ങളിൽ അതത് ദിവസം തന്നെ ലഭ്യമാക്കേണ്ടതാണ്.

32. പരസ്യത്തിന്റെ സ്വഭാവം അനുസരിച്ച് പരസ്യം നൽകുന്ന പത്രങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, വളരെ പ്രാധാന്യമുള്ള പരസ്യങ്ങൾ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട കൂടുതൽ പത്രങ്ങൾക്കും, ഇംഗ്ലീഷ്, തമിഴ്, കന്നഡ തുടങ്ങിയ അന്യഭാഷാ പത്രങ്ങൾക്കും പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ വിവേചനാധികാരം ഉപയോഗിച്ച് നൽകാവുന്നതാണ്.

33. മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിലും, അതു സംബന്ധിച്ച പരാതികളിലും പബ്ലിക് റിലേഷൻസ് ഡയറക്ടർ ചെയർമാനായും, അഡീഷണൽ ഡയറക്ടർ (ജനറൽ) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള സ്റ്റാൻറിംഗ് കമ്മിറ്റി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**വിവിധ പരസ്യങ്ങൾ**

34. സ്വഭാവം അനുസരിച്ച് പരസ്യങ്ങളെ നാലായി തരം തിരിച്ചിരിക്കുന്നു:

(എ) പ്രവൃത്തി ദർഘാസ് പരസ്യങ്ങൾ

(ബി) പർച്ചേസ് ടെൻഡർ പരസ്യങ്ങൾ

(സി) വിജ്ഞാപനങ്ങൾ, കുറ്റാരോപണ മെമ്മോകൾ, താല്പര്യ പത്രം തുടങ്ങിയവ ഉൾപ്പെടുന്ന പലവക പരസ്യങ്ങൾ

(ഡി) ഡിസ്പ്ലേ പരസ്യങ്ങൾ.

35. 5 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന ദർഘാസ് പരസ്യങ്ങൾ പരാമർശം (5) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഇ-ടെണ്ടർ മുഖേന നൽകേണ്ടതാണ്.

36. സംസ്ഥാനതലത്തിൽ നൽകുന്ന മലയാളത്തിലുള്ള ദർഘാസ് (വിൻഡോ) പരസ്യങ്ങളിൽ 50 ലക്ഷത്തിന് മുകളിൽ അടങ്കൽ തുകയുള്ളവ F, G കാറ്റഗറി പത്രങ്ങൾക്കും, 50 ലക്ഷത്തിന് താഴെ അടങ്കൽ തുക വരുന്നവ C, E കാറ്റഗറി പത്രങ്ങൾക്കും റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. ഇത്തരം പരസ്യങ്ങൾ A, B കാറ്റഗറി പത്രങ്ങൾക്ക് നൽകേണ്ടതില്ല.

37. ജില്ലാതല പരസ്യങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ A, B വിഭാഗം പത്രങ്ങൾക്ക് നൽകാവുന്നതാണ്.

38. സംസ്ഥാനതലത്തിൽ നൽകുന്ന ഇംഗ്ലീഷിലുള്ള ദർഘാസ് (വിൻഡോ) പരസ്യങ്ങളിൽ 50 ലക്ഷത്തിന് മുകളിൽ അടങ്കൽ തുക ഉള്ളവ C, D, E, F, G കാറ്റഗറിയിലെ ഇംഗ്ലീഷ് പത്രങ്ങൾക്കും, 50 ലക്ഷത്തിന് താഴെ അടങ്കൽ തുക ഉള്ളവ A, B കാറ്റഗറിയിലെ ഇംഗ്ലീഷ് പത്രങ്ങൾക്കും റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

39. സൗത്ത് ഇന്ത്യ എഡിഷനുകളിൽ നൽകുന്ന ഇംഗ്ലീഷിലുള്ള ദർഘാസ് (വിൻഡോ) പരസ്യങ്ങളിൽ 50 ലക്ഷത്തിനുമുകളിൽ അടങ്കൽ തുക ഉള്ളവ സൗത്ത് ഇന്ത്യ എഡിഷനിലെ 'E' കാറ്റഗറിയിൽ ഉൾപ്പെട്ട ഇംഗ്ലീഷ് പത്രങ്ങളിലും, 50 ലക്ഷത്തിന് താഴെ അടങ്കൽ തുക ഉള്ളവ A, B, C, D കാറ്റഗറിയിൽ ഉൾപ്പെട്ട ഇംഗ്ലീഷ് പത്രങ്ങളിലും റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

40. ആൾ ഇന്ത്യ എഡിഷനുകളിൽ നൽകുന്ന ഇംഗ്ലീഷിലുള്ള ദർഘാസ് (വിൻഡോ) പരസ്യങ്ങളിൽ ഒരു കോടിക്ക് മുകളിൽ അടങ്കൽ തുക ഉള്ളവ ആൾ ഇന്ത്യ എഡിഷനിലെ 'E' കാറ്റഗറി പത്രങ്ങളിലും, 50 ലക്ഷത്തിനും ഒരു കോടിക്കും ഇടയിൽ അടങ്കൽ തുക ഉള്ളവ 'D' കാറ്റഗറി പത്രങ്ങളിലും, 50 ലക്ഷത്തിനു താഴെ അടങ്കൽ തുക ഉള്ളവ A, B, C

കാറ്റഗറിയിലെ പത്രങ്ങളിലും റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

41. ജില്ലാതലത്തിൽ നൽകുന്ന ദർഘാസ്, ക്വട്ടേഷൻ, ലേല പരസ്യങ്ങൾ A, B, C, E, F, G കാറ്റഗറി പത്രങ്ങളുടെ അതത് പ്രാദേശിക എഡിഷനുകളിൽ (രണ്ട് ദിനപ്പത്രങ്ങൾ) റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

42. അന്യഭാഷാ ദിനപ്പത്രങ്ങൾക്ക് നൽകുന്ന വനം വകുപ്പ് ദർഘാസ്, ക്വട്ടേഷൻ പരസ്യങ്ങൾ അതത് പ്രാദേശിക എഡിഷനുകളിൽ മാത്രം നൽകേണ്ടതാണ്. ഒരു ലക്ഷത്തിനു താഴെ എസ്റ്റിമേറ്റുള്ള ടെണ്ടർ, ക്വട്ടേഷൻ പരസ്യങ്ങൾ പ്രസിദ്ധീകരണത്തിന് നൽകേണ്ടതില്ല.

43. പബ്ലിക് സർവീസ് കമ്മീഷന്റെ വിജ്ഞാപനങ്ങൾ പി. എസ്. സി. നൽകുന്ന ദിനപ്പത്രങ്ങളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. കൂടാതെ ഏറ്റവും ഉയർന്ന കാറ്റഗറിയിൽ ഉള്ള ഒരു തമിഴ് പത്രത്തിനും, ഒരു കന്നട പത്രത്തിനും എല്ലാ പരസ്യങ്ങളും നൽകേണ്ടതും, തൊട്ടു താഴെയുള്ള കാറ്റഗറിയിലെ തമിഴ് പത്രങ്ങൾക്കും, കന്നട പത്രങ്ങൾക്കും (രണ്ട് ഭാഷയിലേയും ഓരോ പത്രങ്ങൾ വീതം) റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകേണ്ടതുമാണ്.

44. പരീക്ഷ വിജ്ഞാപനങ്ങൾ 'എഫ്', 'ജി' കാറ്റഗറി പത്രങ്ങളുടെ ആൾ കേരള എഡിഷനിലും, ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിന്റെ ആൾ ഇന്ത്യ എഡിഷനിലും റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

45. ലുക്ക്ഔട്ട് നോട്ടീസുകൾ, ഭൂമി ഏറ്റെടുക്കൽ, ജപ്തി നോട്ടീസുകൾ എന്നിവ F, G കാറ്റഗറി പത്രങ്ങൾക്ക് (ഓരോ കാറ്റഗറിയിൽ നിന്നും ഒരു പത്രത്തിന്) റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

46. കാരണംകാണിക്കൽ നോട്ടീസുകൾ, പിരിച്ചുവിടൽ നടപടിക്രമങ്ങൾ, ദത്തെടുക്കൽ നടപടിക്രമങ്ങൾ സംബന്ധിച്ച പരസ്യങ്ങൾ E, F, G കാറ്റഗറി പത്രങ്ങൾക്ക് (രണ്ട് പത്രങ്ങൾ) റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

47. ഒരു ലക്ഷം രൂപ വരെ മതിപ്പുവിലയുള്ള സാധനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം നൽകേണ്ടതില്ല.

48. പ്രസിദ്ധീകരണത്തിന് നൽകുന്ന പരസ്യങ്ങളുടെ വിസ്തൃതി, മറ്റ് നിർദ്ദേശങ്ങൾ എന്നിവ പബ്ലിക് റിലേഷൻസ് ഡയറക്ടർ റിലീസ് ഓർഡറായി ദിനപ്പത്രങ്ങൾക്ക് നൽകേണ്ടതാണ്.

49. സർക്കാർ പരസ്യങ്ങളിൽ സാധ്യമായവയിൽ ക്യൂ.ആർ. കോഡ് കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കേണ്ടതാണ്.

**പാർട്ടി പേയ്മെന്റ് പരസ്യങ്ങൾ**

50. വിവിധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, കോടതികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ മിഷനുകൾ, വിവിധ കമ്മീഷനുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ എന്നിവയുടെ പരസ്യച്ചെലവ് പി.ആർ.ഡി. വഹിക്കുന്നതല്ല. എന്നാൽ അവയുടെ പരസ്യങ്ങൾ പാർട്ടി പെയ്മെൻറായി പി.ആർ.ഡി. മുഖാന്തിരം നൽകാവുന്നതാണ്. ഈ പരസ്യങ്ങൾക്ക് പി.ആർ.ഡി. നിരക്ക് ബാധകമായിരിക്കും.

51. മേൽ പരാമർശിത സ്ഥാപനങ്ങൾക്ക് പി.ആർ.ഡി. മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നൽകേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ ടി പരസ്യം പി.ആർ.ഡി. മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങളിൽ മാത്രം നൽകേണ്ടതാണ്. ഇത്തരം സാഹചര്യങ്ങളിൽ

സ്ലോട്ടുകൾ ഉറപ്പാക്കുന്നതിനായി പി.ആർ.ഡി. പരസ്യനിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ പരസ്യനിരക്കിൽ വർദ്ധനവ് നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ടി സ്ഥാപനങ്ങൾക്ക് പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

52. പാർട്ടി പേയ്മെന്റായി നൽകേണ്ട പരസ്യങ്ങളിൽ പരസ്യ മാറ്ററിന്റെ പ്രിന്റഡ് കോപ്പിയും, സി.ഡി.-യും (ഡിസ്പ്ലെ പരസ്യത്തിന്) കവറിംഗ് ലെറ്റർ സഹിതം ഒരാഴ്ച മുമ്പ് വകുപ്പിൽ സമർപ്പിക്കണം.

53. ഏതെല്ലാം പത്രങ്ങളിൽ ഏതേത് എഡിഷനുകളിൽ പരസ്യം നൽകണം, പരസ്യം പ്രസിദ്ധീകരിക്കേണ്ട തീയതി, പരസ്യച്ചെലവ് സ്ഥാപനം വഹിക്കുന്നതാണെന്നത് സംബന്ധിച്ച വിവരങ്ങൾ കവറിംഗ് ലെറ്ററിൽ കൃത്യമായും സൂചിപ്പിച്ചിരിക്കണം.

54. പരസ്യം പിൻവലിച്ചാൽ ആ വിവരം രേഖാമൂലം മുൻകൂട്ടി വകുപ്പിനെ അറിയിക്കേണ്ടതാണ്.

55. ദിനപ്പത്രങ്ങളുടെ എഡിഷനുകൾ, സർക്കുലേഷൻ, പരസ്യ നിരക്ക്, കാറ്റഗറി എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മീഡിയ ലിസ്റ്റ് ചുവടെ ചേർക്കുന്നു. പരിഷ്കരിച്ച മീഡിയ ലിസ്റ്റ്/പരസ്യനിരക്ക് എന്നിവയ്ക്ക് ഇതു സംബന്ധിച്ച പുതിയ സർക്കാർ ഉത്തരവ് നിലവിൽ വരുന്നതുവരെ സാധുത ഉണ്ടായിരിക്കും.

# MALAYALAM DAILIES

***'G' Category***

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per Sq.cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | Malayala Manorama | Thiruvananthpuram | 247271 | 124 | E |
| | | Kollam | 216637 | 108 | E |
| | | Pathanamthitta | 167316 | 84 | C |
| | | Kottayam | 302218 | 151 | E |
| | | Alappuzha | 173473 | 87 | C |
| | | Ernakulam | 355951 | 178 | E |
| | | Palakkad | 147437 | 74 | C |
| | | Thrissur | 221020 | 111 | E |
| | | Malappuram | 141606 | 71 | C |
| | | Kozhikode | 240247 | 120 | E |
| | | Kannur | 145556 | 73 | C |
| | | New Delhi | 11301 | 6 | B |
| | | **All Kerala Editions** | **2358732** | **1179** | **G** |
| | | **All India Editions** | **2370033** | **1185** | **G** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 2 | Mathrubhumi | Thiruvananthapuram | 166033 | 83 | C |
| | | Kollam | 109247 | 55 | C |
| | | Kottayam | 91406 | 46 | C |
| | | Alappuzha | 80337 | 40 | C |
| | | Ernakulam | 154188 | 77 | C |
| | | Thrissur | 180202 | 90 | C |
| | | Palakkad | 99066 | 50 | C |
| | | Malappuram | 70644 | 35 | C |
| | | Kozhikode | 202316 | 101 | E |
| | | Kannur | 183568 | 92 | C |
| | | **All Kerala Editions** | **1337007** | **669** | **G** |

***'F' Category***

| | | | | | |
|---|---|---|---|---|---|
| 3 | Deshabhimani | Thiruvananthapuram | 113872 | 57 | C |
| | | Alappuzha | 52990 | 26 | C |
| | | Kottayam | 75575 | 38 | C |
| | | Ernakulam | 60630 | 30 | C |
| | | Thrissur | 52500 | 26 | C |
| | | Palakkad | 40126 | 20 | B |
| | | Malappuram | 36954 | 18 | B |
| | | Kozhikode | 75061 | 38 | C |
| | | Kannur | 119445 | 60 | C |
| | | **All Editions** | **627153** | **314** | **F** |

***'E' Category***

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per column cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 4 | Suprabhaatham | Thiruvananthapuram | 33533 | 94 | B |
| | | Kochi | 44363 | 118 | B |
| | | Thrissur | 21328 | 70 | B |
| | | Malappuram | 137769 | 298 | C |
| | | Kozhikode | 116002 | 258 | C |
| | | Kannur | 87641 | 198 | C |
| | | **All Editions** | **440636** | **614** | **E** |
| 5 | Chandrika | Thiruvananthapuram | 32851 | 94 | B |
| | | Kochi | 44001 | 118 | B |
| | | Malappuram | 113399 | 248 | C |
| | | Kozhikode | 101247 | 228 | C |
| | | Kannur | 89064 | 198 | C |
| | | **All Editions** | **380562** | **575** | **E** |
| 6 | Metro Vartha | Thiruvananthapuram | 32200 | 94 | B |
| | | Ernakulam | 196000 | 416 | C |
| | | Thrissur | 35000 | 97 | B |
| | | Kozhikode | 39000 | 106 | B |
| | | **All Editions** | **302200** | **515** | **E** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 7 | Veekshanam | Thiruvananthapuram | 30500 | 90 | B |
| | | Kollam | 28700 | 86 | B |
| | | Ernakulam | 98950 | 218 | C |
| | | Thrissur | 29500 | 86 | B |
| | | Kozhikode | 74000 | 169 | C |
| | | Kannur | 27500 | 82 | B |
| | | **All Editions** | **289150** | **496** | **E** |
| 8 | Janayugom | Thiruvananthapuram | 47330 | 121 | B |
| | | Kollam | 69250 | 158 | C |
| | | Kochi | 70415 | 169 | C |
| | | Kozhikode | 56120 | 139 | C |
| | | Kannur | 30815 | 90 | B |
| | | **All Editions** | **273930** | **475** | **E** |
| 9 | Kerala Kaumudi | Thiruvananthapuram | 65300 | 158 | C |
| | | Kollam | 35500 | 98 | B |
| | | Pathanamthitta | 12340 | 54 | B |
| | | Kottayam | 20000 | 70 | B |
| | | Alappuzha | 26000 | 82 | B |
| | | Kochi | 23500 | 74 | B |
| | | Thrissur | 11000 | 50 | B |
| | | Kozhikode | 28000 | 86 | B |
| | | Kannur | 21200 | 70 | B |
| | | **All Editions** | **242840** | **455** | **E** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 10 | Deepika | Thiruvananthapuram | 15500 | 58 | B |
| | | Kottayam | 67000 | 158 | C |
| | | Kochi | 40250 | 109 | B |
| | | Thrissur | 22500 | 74 | B |
| | | Kozhikode | 44100 | 118 | B |
| | | Kannur | 45200 | 118 | B |
| | | **All Editions** | **234550** | **456** | **E** |
| 11 | Siraj | Thiruvananthapuram | 24500 | 78 | B |
| | | Ernakulam | 52500 | 130 | C |
| | | Kozhikode | 111000 | 248 | C |
| | | Kannur | 39000 | 106 | B |
| | | **All Editions** | **227000** | **456** | **E** |
| 12 | Madhyamam | Thiruvananthapuram | 22956 | 74 | B |
| | | Kottayam | 7982 | 43 | A |
| | | Kochi | 27040 | 82 | B |
| | | Thrissur | 16413 | 62 | B |
| | | Malappuram | 72579 | 169 | C |
| | | Kozhikode | 37992 | 102 | B |
| | | Kannur | 20440 | 70 | B |
| | | **All Editions** | **205402** | **436** | **E** |

*'C' Category*

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 13 | Rashtra Deepika | Thiruvananthapuram | 16000 | 62 | B |
| | | Kottayam | 65000 | 158 | C |
| | | Ernakulam | 21500 | 70 | B |
| | | Thrissur | 13800 | 54 | B |
| | | Kozhikode | 31000 | 90 | B |
| | | Kannur | 22000 | 74 | B |
| | | **All Editions** | **169300** | **356** | **C** |
| 14 | Mangalam | Thiruvananthapuram | 36400 | 102 | B |
| | | Kottayam | 72000 | 169 | C |
| | | Ernakulam | 19000 | 66 | B |
| | | Thrissur | 23000 | 74 | B |
| | | Kozhikode | 14000 | 58 | B |
| | | **All Editions** | **164400** | **347** | **C** |
| 15 | Janmabhumi | Thiruvananthapuram | 26250 | 82 | B |
| | | Kottayam | 26000 | 82 | B |
| | | Ernakulam | 21265 | 70 | B |
| | | Thrissur | 19260 | 66 | B |
| | | Kozhikode | 40200 | 109 | B |
| | | Kannur | 28500 | 86 | B |
| | | **All Editions** | **161475** | **347** | **C** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 16 | Big News | Thiruvananthapuram | 20384 | 70 | B |
| | | Kollam | 14555 | 58 | B |
| | | Kochi | 47450 | 121 | B |
| | | Kozhikode | 12731 | 54 | B |
| | | **All Editions** | **95120** | **218** | **C** |
| 17 | Kerala Kaumudi Flash | Thiruvananthapuram | 25000 | 78 | B |
| | | Kollam | 17500 | 62 | B |
| | | Kottayam | 11500 | 50 | B |
| | | Kannur | 12000 | 54 | B |
| | | **All Editions** | **66000** | **158** | **C** |
| 18 | New Age | Kochi | 55246 | 139 | C |
| 19 | Pradeepam | Thiruvananthapuram | 9600 | 48 | A |
| | | Aluva | 15100 | 58 | B |
| | | Kozhikode | 28750 | 86 | B |
| | | **All Editions** | **53450** | **130** | **C** |

***'B' Category***

| | | | | | |
|---|---|---|---|---|---|
| 20 | Kala Kaumudi | Thiruvananthapuram | 23000 | 74 | B |
| | | Kollam | 13300 | 54 | B |
| | | Mumbai | 25000 | 78 | B |
| | | **All Kerala Editions** | **36300** | **102** | **B** |
| | | **All India Editions** | **61300** | **149** | **C** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 21 | Kerala Bhooshanam | Thiruvalla | 14500 | 58 | B |
| | | Kozhikode | 10000 | 50 | A |
| | | **All Editions** | **24500** | **78** | **B** |
| 22 | Thurannakathu | Palakkad | 19362 | 66 | B |
| 23 | Karaval (Mal) | Kasargod | 16062 | 62 | B |
| 24 | Sayanna Kairali | Kochi | 16517 | 62 | B |
| 25 | Southern Star | Thiruvananthapuram | 16100 | 62 | B |
| 26 | News Kerala | Thiruvananthapuram | 6250 | 40 | A |
| | | Kozhikode | 9100 | 48 | A |
| | | **All Editions** | **15350** | **58** | **B** |
| 27 | Thrissivaperoor Express | Thrissur | 14358 | 58 | B |
| 28 | Prabhatha Vartha | Thiruvananthapuram | 12583 | 54 | B |
| 29 | Thalasthana Vartha | Thiruvananthapuram | 12200 | 54 | B |
| 30 | South Indian News | Thiruvananthapuram | 12300 | 54 | B |
| 31 | Maktab | Kannur | 13500 | 54 | B |
| 32 | Peoples Review | Kozhikode | 11300 | 50 | B |
| 33 | Utharadesam (Mal) | Kasargod | 11200 | 50 | B |
| 34 | Janmadesam | Kasargod | 11000 | 50 | B |
| 35 | Latest | Kasargod | 11000 | 50 | B |
| 36 | Gadhika | Kannur | 10100 | 50 | B |

*'A' Category*

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 37 | Thalsamayam | Malappuram | 4500 | 35 | A |
| | | Kozhikode | 5100 | 36 | A |
| | | **All Editions** | **9600** | **48** | A |
| 38 | Janasabdham | Thiruvananthapuram | 9500 | 48 | A |
| 39 | Swathandra mandapam | Thrissur | 8316 | 47 | A |
| 40 | Malabar Vartha | Kasargod | 8000 | 47 | A |
| 41 | Karmasakthi | Thiruvananthapuram | 7750 | 43 | A |
| 42 | Powran | Aluva | 7341 | 43 | A |
| 43 | Crime Story | Thiruvananthapuram | 6786 | 42 | A |
| 44 | Venad Kaumudi | Thiruvananthapuram | 6100 | 40 | A |
| 45 | General | Thrissur | 6500 | 42 | A |
| 46 | Telegraph | Thrissur | 6000 | 40 | A |
| 47 | Sudinam | Kannur | 5887 | 38 | A |
| 48 | Kalapremi | Thiruvananthapuram | 4800 | 35 | A |
| 49 | Sayahnam | Palakkad | 3000 | 28 | A |
| 50 | Thanima | Thiruvananthapuram | 3000 | 28 | A |
| 51 | Nautical Times Kerala | Thiruvananthapuram | 3000 | 28 | A |
| 52 | Venad Pathrika | Thiruvananthpuram | 3000 | 28 | A |

## ENGLISH DAILIES

***'D' Category (Kerala)***

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per column cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 53 | The New Indian Express | Thiruvananthapuram | 25200 | 78 | B |
| | | Ernakulam | 50355 | 130 | C |
| | | Kozhikode | 25100 | 78 | B |
| | | **All Editions** | **100655** | **426** | **D** |

***'C' Category (Kerala)***

| | | | | | |
|---|---|---|---|---|---|
| 54 | Times of India | Thiruvananthapuram | 30786 | 90 | B |
| | | Ernakulam | 46282 | 121 | B |
| | | **All Editions** | **77068** | **178** | **C** |

***'B' Category (Kerala)***

| | | | | | |
|---|---|---|---|---|---|
| 55 | Kerala Herald | Thiruvananthapuram | 12200 | 54 | B |

**'A' Category (Kerala)**

| | | | | | |
|---|---|---|---|---|---|
| 56 | Economic Times | Kochi | 9051 | 48 | A |
| 57 | Business Standard | Kochi | 3182 | 28 | A |

***English Dailies (Outside Kerala)***

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per sq. cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 58 | The Asian Age | Delhi | 73597 | 37 | C |
| | | Mumbai | 71185 | 36 | C |
| | | Kolkata | 68936 | 34 | C |
| | | **All Editions** | **213718** | **107** | **E** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 59 | The Hindustan Times | Mumbai | 352582 | 176 | E |
| | | Delhi | | 1148 | D |

| Sl. No. | Name of daily | Edition | Circulation | Rate per column cm | Category |
|---|---|---|---|---|---|
| 60 | Trinity Mirror | Chennai | 72300 | 169 | C |
| | | Madurai | 22800 | 74 | B |
| | | Coimbatore | 34900 | 97 | B |
| | | **All Editions** | **130000** | **426** | **D** |
| 61 | Afternoon | Coimbatore | 21013 | 70 | B |

## ENGLISH DAILIES (ALL INDIA EDITIONS)

| Sl. No. | Name of daily | Edition | Rate per Sq.cm | Category |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 62 | The Hindu | **All India Editions:** Allahabad, Bangalore, Chennai, Coimbatore, Hubli, Hyderabad, Kochi, Kozhikode, Kolkotta, Madurai, Mangalore, Mohali, New Delhi, Thiruvananthapuram, Thiruchirappalli, Vijayawada, Vishakapattanam | 2885 | E |
| | | **South India Editions:** All Editions excluding Allahabad, Kolkotta, Mohali & New Delhi | 2531 | E |
| | | **New Delhi Editions** | 290 | C |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 63 | Business Line | **All India Editions:** Bangalore, Chennai, Coimbatore, Hubli, Hyderabad, Kochi, Kolkotta, Madurai, Mangalore, Mumbai, New Delhi, Thiruvananthapuram, Thiruchirappalli, Vijayawada, Vishakhapatnam | 709 | C |
| 64 | The Times of India | **All Editions:** Ahmedabad, Bangalore, Chennai, Coimbatore, Goa, Hyderabad, Jaipur, Kanpur, Kerala, Kolkotta, Lucknow, Madhya Pradesh, Mangalore, Mumbai, Mysore, Nagpur, New Delhi, Patna, & Pune | 4128 | E |
| | | **South India Editions:** Bangalore, Chennai, Hyderabad, Mangalore, Mysore & Kerala | 1877 | E |
| | | Chennai Edition | 425 | D |
| | | New Delhi Edition | 1697 | E |
| 65 | The Economic Times | **All Editions:** Ahmedabad, Bangalore, Chandigarh, Chennai, Hyderabad, Jaipur, Kochi, Kolkotta, Lucknow, Mumbai, New Delhi & Pune | 2170 | D |
| | | **South India Editions:** Bangalore, Hyderabad, Chennai & Kerala | 737 | C |
| | | Chennai Editions (including Kerala) | 267 | B |
| | | New Delhi Editions | 831 | C |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 66 | Deccan Chronicle | Ananthapur | 337 | B |
| | | Bangalore | 638 | D |
| | | Chennai | 790 | D |
| | | Coimbatore | 337 | B |
| | | Hyderabad | 1715 | D |
| | | Karimnagar | 337 | C |
| | | Nellur | 337 | B |
| | | Rajamuthiry | 337 | B |
| | | Vijayawada | 337 | B |
| | | Vishakapatnam | 337 | B |
| | | **All Editions** | **2337** | **E** |
| 67 | The New Indian Express | **All Southern Editions:** Bangalore, Belgaum, Bhubaneswar, Chennai, Coimbatore, Hyderabad, Kochi, Kozhikode, Madurai, Shimoga, Thiruvananthapuram, Tiruchirapalli, Vijayawada, Vishakapatnam | 1333 | **D** |

| *Sl. No.* | *Name of daily* | *Edition* | *Rate per column cm* | *Category* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 68 | Business Standard | Kochi | 28 | A |
| | | Chennai | 30 | A |
| | | Ahamedabad | 41 | A |
| | | Bangalore | 43 | B |
| | | Bhubaneswar | 33 | A |
| | | Chandigarh | 35 | A |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | Hyderabad | 36 | A |
| | | Pune | 47 | B |
| | | New Delhi | 64 | B |
| | | Mumbai | 78 | B |
| | | Luknow | 41 | A |
| | | Kolkotta | 47 | B |
| | | **All Editions** | **259** | **C** |

## TAMIL DAILIES

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per column cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 69 | Dinakaran | Bangalore | 35798 | 97 | B |
| | | Chennai | 195332 | 416 | C |
| | | Coimbatore | 124250 | 268 | C |
| | | Madurai | 100539 | 228 | C |
| | | Mumbai | 16445 | 62 | B |
| | | Nagercoil | 29934 | 86 | B |
| | | New Delhi | 4250 | 31 | A |
| | | Pondichery | 41300 | 109 | B |
| | | Salem | 103502 | 228 | C |
| | | Tiruchirappally | 126013 | 277 | C |
| | | Tirunelveli | 81856 | 188 | C |
| | | Vellore | 60696 | 149 | C |
| | | **All Editions** | **919915** | **990** | **F** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 70 | Theekkathir | Chennai | 72105 | 169 | C |
| | | Madurai | 68395 | 158 | C |
| | | Coimbatore | 58120 | 139 | C |
| | | Trichy | 50980 | 130 | C |
| | | **All Editions** | **249600** | **456** | **E** |
| 71 | Makkal Kural | Chennai | 114300 | 248 | C |
| | | Madurai | 36500 | 102 | B |
| | | Coimbatore | 47200 | 121 | B |
| | | **All Editions** | **198000** | **416** | **C** |
| 72 | Kumari Murasu | Chennai | 65128 | 158 | C |
| | | Nagercoil | 67982 | 158 | C |
| | | Coimbatore | 57430 | 139 | C |
| | | **All Editions** | **190540** | **407** | **C** |
| 73 | Dhina Murasu | Nagercoil | 50205 | 130 | C |
| 74 | Pirpagal | Coimbatore | 17026 | 62 | B |

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per Sq. cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 75 | Dinamalar | Chennai | 180633 | 90 | C |
| | | Coimbatore | 148967 | 74 | C |
| | | Erode | 19533 | 10 | B |
| | | Madurai | 174807 | 87 | C |
| | | Nagercoil | 9895 | 5 | B |
| | | Puducherry | 61041 | 30 | C |
| | | Salem | 12720 | 6 | B |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| | | Tiruchirappalli | 84899 | 42 | C |
| | | Tirunelveli | 38262 | 19 | B |
| | | Vellore | 37543 | 19 | B |
| | | **All Editions** | **768300** | **384** | F |
| 76 | Indhu Tamil Thisai | Chennai | 45000 | 23 | B |

## KANNADA DAILIES

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per Sq.cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 77 | Vijayavani | Bangaluru | 234009 | 105.30 | E |
| | | Belgaum | 49122 | 22 | B |
| | | Bijapur | 51837 | 23.32 | C |
| | | Chitradurga | 42901 | 19.30 | B |
| | | Gangawati | 56268 | 25.32 | C |
| | | Gulbarga | 55237 | 24.85 | C |
| | | Hubli | 102447 | 46 | C |
| | | Mangalore | 34812 | 15.66 | B |
| | | Mysore | 75371 | 33.91 | C |
| | | Shimoga | 41984 | 18.89 | B |
| | | **All Editions** | **743988** | **224** | **F** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 78 | Vijay Karnataka | Bangalkot | 33063 | 14.87 | B |
| | | Bangaluru | 288649 | 129.89 | E |
| | | Belgaum | 33841 | 15.22 | B |
| | | Chitradurga | 27801 | 12.51 | B |
| | | Gangavati | 30120 | 13.55 | B |
| | | Gulbarga | 35447 | 15.95 | B |
| | | Hassan | 16917 | 7.61 | B |
| | | Hubli | 63573 | 28.60 | C |
| | | Mangalore | 60569 | 27.25 | C |
| | | Mysore | 70187 | 31.58 | C |
| | | Shimoga | 44123 | 19.85 | B |
| | | **All Editions** | **704290** | **224** | **F** |

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per column cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 79 | Udayavani | Bangalore | 74975 | 169 | C |
| | | Devanagere | 9253 | 48 | A |
| | | Gulbarga | 7881 | 43 | A |
| | | Hubli | 23226 | 74 | B |
| | | Mumbai | 12276 | 54 | B |
| | | Uduppi | 161072 | 347 | C |
| | | **All Editions** | **288683** | **496** | **E** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 80 | Varthabharati | Bengaluru | 64000 | 149 | C |
| | | Mangaluru | 98000 | 218 | C |
| | | **All Editions** | **162000** | **347** | **C** |
| 81 | Hosadigantha | Bangalore | 46229 | 121 | B |
| | | Mangalore | 43046 | 114 | B |
| | | **All Editions** | **89275** | **198** | **C** |
| 82 | Karaval (Kannada) | Kasargod | 13930 | 54 | B |

## TELUGU DAILIES

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per Sq.cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 83 | Andhra Jyothi | Hyderabad | 128492 | 57.82 | C |
| | | Vijayawada | 56372 | 25.36 | C |
| | | Tirupati | 46820 | 21 | B |
| | | Warangal | 52452 | 23.6 | C |
| | | Visakhapatnam | 39055 | 17.57 | B |
| | | Guntur | 66465 | 29.9 | C |
| | | Anantapur | 41241 | 18.55 | B |
| | | Kurnool | 36984 | 16.64 | B |
| | | Kakinada | 31449 | 14.15 | B |
| | | Karimnagar | 37509 | 16.87 | B |
| | | Mahaboobnagar | 17707 | 7.96 | B |
| | | Nalgonda | 27137 | 12.21 | B |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| | | Nellore | 28896 | 13 | B |
| | | Nizamabad | 18051 | 8.12 | B |
| | | Ongole | 29510 | 13.27 | B |
| | | Srikakulam | 22773 | 10.24 | B |
| | | Tanuku | 25676 | 11.55 | B |
| | | Kadapa | 32196 | 14.48 | B |
| | | Khammam | 24501 | 11 | B |
| | | Bangalore | 12887 | 5.79 | B |
| | | Chennai | 5509 | 2.47 | A |
| | | **All Editions** | **781682** | **224** | **F** |

## HINDI DAILIES

| *Sl. No.* | *Name of daily* | *Edition* | *Circulation* | *Rate per culumn cm* | *Category* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 84 | Daily Hindi Milap | Hyderabad | 45035 | 118 | B |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പി. വേണുഗോപാൽ, ഐ.എ.എസ്.
*സെക്രട്ടറി.*

മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ദിനപ്പത്രങ്ങൾക്കും.

എല്ലാ വകുപ്പ് തലവന്മാർക്കും.

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കവറിംഗ് ലെറ്റർ സഹിതം).

എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും.

ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ മിഷനുകൾ, വിവിധ സർക്കാർ കമ്മീഷനുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ എന്നിവയുടെ മേധാവികൾക്ക്.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-ക്ക്.

ഡി.പി.ആർ-ന്റെ സി.എ.-ക്ക്.

ഐ.&പി.ആർ. വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

പരസ്യവിഭാഗം ഇൻഫോർമേഷൻ ഓഫീസർ.

എല്ലാ ജില്ലാ ഇൻഫോർമേഷൻ ഓഫീസർമാർക്കും.

രജിസ്ട്രാർ, സി-ഡിറ്റ്, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് വകുപ്പ് (തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, ന്യൂഡൽഹി).

പി.ആർ.ഡി. വെബ്സൈറ്റ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.